# വഴിയിലെ അമൃത്

## 2. മാതാപിതാക്കൾ



ഒരിടത്ത് ലുഖ്മാൻ എന്ന പേരുള്ള ഒരു തത്വജ്ഞാനി ജീവിച്ചിരുന്നു. ദൈവം അദ്ദേഹത്തിന് ഒട്ടേറെ വിജ്ഞാനം നൽകിയിരുന്നു. വലിയ തത്വജ്ഞാനിയായിരുന്നെങ്കിലും അദ്ദേഹം ദരിദ്രനായിരുന്നു.

അദ്ദേഹം ഒരിക്കൽ തന്റെ മകനോട് പറഞ്ഞു:

''മോനേ, നിന്റെ മാതാപിതാക്കളോട് നിനക്ക് ഏറെ ബാധ്യതകളുണ്ട്. മാതാവ് അവശത സഹിച്ചുകൊണ്ടാണ് നിന്നെ ഗർഭം ചുമന്നത്. രണ്ട് വർഷം മുലയൂട്ടുകയും ചെയ്തു. അതിനാൽ നീ ദൈവത്തോടും മാതാപിതാക്കളോടും നന്ദി കാണിക്കണം. അവർ നിനക്കറിവില്ലാത്ത ദൈവധിക്കാരത്തിന് കൽപ്പിച്ചാൽ നീ അത് അനുസരിക്കരുത്. ഈ ലോകത്ത് നീ അവരോടൊപ്പം നല്ല നിലയിൽ ജീവിക്കണം.''

മാതാപിതാക്കളെപ്പോലെ സമാധാനം നൽകുന്ന ഒന്നും ഈ ലോകത്തില്ല. അവർ ഇല്ലാതെയായാലാണ് നാം അവരുടെ വിലയറിയുകയുള്ളു.

നമ്മെ പോറ്റിവളർത്താൻ മാതാവ് ഏറെ പ്രയാസം സഹിക്കുന്നുണ്ട്. നാം ചെയ്യുന്ന വികൃതികൾ ക്ഷമിച്ചുതരുന്നതും മാതാവ് തന്നെ. മക്കൾ എത്ര മോശമായി പെരുമാറിയാലും അവരുടെ നേരെ മാതാവിന്റെ സ്നേഹം കുറയില്ല. അതിനാൽ മാതാവിനെ ഏറെ ആദരിക്കണമെന്നും അനുസരിക്കണമെന്നും ദൈവം കൽപിച്ചു.

പക്ഷേ, അധികം കുട്ടികളും മാതാവിനെ അനുസരിക്കുന്നതിൽ വളരെ മോശമാണ്. ചിലർ ധിക്കരിക്കും. ചിലർ ചീത്ത പറയും. ചിലർ കൈകൾ ഓങ്ങിയെന്നും വരാം. അത് ശരിയല്ല. മാതാവിനെ ധിക്കരിക്കുന്നത് ദൈവധിക്കാരത്തിന് തുല്യമാണ്. അത്തരക്കാരോട് ദൈവത്തിന് ദേഷ്യമാണ്.

നമ്മെ പോറ്റിവളർത്തുന്നതിന് മാതാവ് സഹിച്ച ത്യാഗവും മുലയൂട്ടലും വെച്ചു നോക്കുമ്പോൾ നാം മാതാവിന് എന്ത് സേവനം ചെയ്താലും മതിയാവുകയില്ല. അതിനാൽ നാം മാതാപിതാക്കളോട് ആദരവോടെ പെരുമാറണം. അവരെ അനുസരിക്കണം. അവർക്ക് സേവനം ചെയ്യണം. അവർക്കു വേണ്ടി ദൈവത്തോട് പ്രാർഥിക്കണം. അതാണ് ദൈവത്തിന്റെ പ്രീതി നേടാനുള്ള വഴി.

അതെ പറ്റി ദൈവം പറഞ്ഞതിങ്ങനെ:

''തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്നും മാതാപിതാക്കൾക്ക് നന്മ ചെയ്യണമെന്നും നിന്റെ രക്ഷിതാവ് വിധിച്ചിരിക്കുന്നു. അവരിൽ ഒരാളോ അവരിൽ രണ്ടു പേരുമോ നിന്റെ അടുക്കൽ വാർധക്യം പ്രാപിക്കുകയാണെങ്കിൽ അവരോട് നീ 'ഛെ' എന്നു പോലും പറയുകയോ കയർക്കുകയോ ചെയ്യരുത്. അവരോട് മാന്യമായ വാക്ക് പറയുക. കാരുണ്യത്തോടു കൂടി എളിമയുടെ ചിറക് നീ അവർക്ക് താഴ്ത്തിക്കൊടുക്കുകയും ചെയ്യുക. 'എന്റെ രക്ഷിതാവേ, ഇവർ രണ്ടു പേരും ചെറുപ്പത്തിൽ എന്നെ പോറ്റിവളർത്തിയതുപോലെ ഇവരോട് നീ കരുണ കാണിക്കേണമേ' എന്ന് നീ പ്രാർഥിക്കുകയും ചെയ്യുക.''